**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4543** **01-07-2024 - ൽ മറുപടിയ്ക്ക്**

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിച്ചുവന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഏതെങ്കിലും നിക്ഷേപം സ്വീകരിച്ചശേഷം അത് തിരികെ കൊടുക്കുവാൻ കഴിയാതെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സ്നേഹ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി ലിമിറ്റഡ് നം. 1076 B (Regd. No. MSCS/CR/228/2013) എന്ന പേരിലുള്ള ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിക്ഷേപം തിരികെ കൊടുക്കുവാൻ കഴിയാതെ സംസ്ഥാനത്ത് പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുള്ളതാണ്. |
| (ബി) | മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ നിന്നും യഥാസമയം നിക്ഷേപം പിൻവലിക്കുവാൻ കഴിയാത്തത് സംബന്ധിച്ച് സഹകാരികളിൽ നിന്നും പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സഹകരണ സംഘങ്ങൾ എതെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | സ്റ്റാർ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (Registration No. MSCS/CR/940/2014)<br><br>ഭാരത് ലജന മൾട്ടി സ്റ്റേറ്റ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (Registration No. MSCS/CR/235/2006)<br><br>സ്നേഹ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി ലിമിറ്റഡ് നം. 1076 B (Regd. No. MSCS/CR/228/2013) എന്നീ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ നിന്നും നിക്ഷേപം തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ